(ഇ) 1,57,703

(എഫ്) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	—	16,691
കൊല്ലം	—	19,924
ആലപ്പുഴ	—	6,598
പത്തനംതിട്ട	—	4,653
കോട്ടയം	—	12,085
എറണാകുളം	—	13,719
തൃശ്ശൂർ	—	23,201
പാലക്കാട്	—	29,709
മലപ്പുറം	—	13,168
കോഴിക്കോട്	—	7,484
വയനാട്	—	4,649
കണ്ണൂർ	—	421
കാസർകോട്	—	5,410

1986 മാർച്ചുവരെ കർഷകത്തൊഴിലാളി പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകരം

277 [304] ശ്രീ.കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ 1986 മാർച്ച് 31വരെ ഓരോ വർഷവും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി കിട്ടിയ അപേക്ഷയുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ ജില്ലയിലും പെൻഷൻ അനുവദിച്ചത് എത്രപേർക്കാണ്?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പെയ്മെന്റ് ഓഫ് ഫെയർ വേജസ് ആക്ട് ഭേദഗതി

278 [305] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-ൽ പ്രാബല്യത്തിൽവന്ന മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പെയ്മെന്റ് ഓഫ് ഫെയർ വേജസ് (ആക്ട് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അത്തരമൊരു ആവശ്യം ഏതെങ്കിലും സംഘടന സർക്കാരിന്റെ മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ;

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ആവശ്യം പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി

279 [306] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി ഈ വർഷം തന്നെ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ശ്രീ. യു. മഹാബലറാവുവിനെ ഒരു കമ്മീഷനായി നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. അതനുസരിച്ച് വേണ്ട നിയമനിർമ്മാണത്തിനുള്ള നടപടി നിയമവകുപ്പിൽനിന്നും എടുത്തുവരുന്നു.

(ബി) കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് സത്വരമായ നടപടികൾ എടുക്കുന്നുണ്ട്.

മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം

280 [307] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം എപ്പോൾ മുതൽക്കാണ് പ്രാബല്യത്തിൽ വന്നത്;

(ബി) ഈ നിയമമനുസരിച്ച് ഇതിനകം എത്ര സംഖ്യ പിരിച്ചെടുത്തു;

(സി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഈ നിയമം ഇപ്പോൾ ബാധകമാക്കിയിട്ടുള്ളത്;

(ഡി) എല്ലാ വിഭാഗം തൊഴിലാളികൾക്കും ഈ ക്ഷേമനിധി എത്ര മാസത്തിനകം ബാധകമാക്കാൻ കഴിയും?

ഉത്തരം

(എ) 27-6-1985 മുതൽ.

LIBRARY ARCHIVES Kerala Legislative Assembly